# കേരള സംസ്ഥാന വൈദ്യുതി റഗുലേറ്ററി കമ്മീഷൻ

കെ.പി.എഫ്.സി ഭവനം, സി.വി രാമൻപിള്ള റോഡ്,
വെള്ളയമ്പലം, തിരുവനന്തപുരം, കേരള, പിൻ- 695 010
ഫോൺ:0471 2735544, ഫാക്സ്: 0471 2735599,
വെബ്സൈറ്റ്: www.erckerala.org ഇ-മെയിൽ: kserc@erckerala.org


തീയതി :10.11.2020

## പത്രക്കുറിപ്പ്

കേരള സംസ്ഥാന വൈദ്യുതി ബോർഡ് ലിമിറ്റഡ്, 2017-18, 2018-19 കാലയളവുകളിലെ വരവുചെലവു കണക്കുകൾ ട്രൂയിംഗ്അപ്പ് ചെയ്യുന്നതിനുള്ള പെറ്റീഷനുകൾ (ഒ.എ.നം. 09/2020 & 13/2020) കമ്മീഷൻ മുൻപാകെ സമർപ്പിച്ചിട്ടുണ്ട്. ടി പെറ്റീഷനുകൾ കമ്മീഷന്റെ വെബ്സൈറ്റിൽ പൊതുജനങ്ങളുടെ അറിവിലേയ്ക്കായി ലഭ്യമാക്കിയിട്ടുണ്ട്. പ്രസ്തുത പെറ്റീഷനുകളിന്മേൽ പൊതുജനങ്ങളുടെയും മറ്റു ബന്ധപ്പെട്ടവരുടേയും അഭിപ്രായങ്ങളും നിർദ്ദേശങ്ങളും തപാൽ മാർഗ്ഗമോ, ഇ-മെയിൽ (kserc@erckerala.org) മുഖാന്തിരമോ 10.12.2020ന് മുൻപായി കമ്മീഷൻ ഓഫീസിൽ സമർപ്പിക്കാവുന്നതാണ്. പ്രസ്തുത പെറ്റീഷനുകളിന്മേലുള്ള പൊതുതെളിവെടുപ്പ് കോവിഡ്-19 ന്റെ പശ്ചാത്തലത്തിൽ വീഡിയോ കോൺഫറൻസ് മുഖാന്തിരം യഥാക്രമം 15.12.2020 (ഒ.എ.നം. 09/2020), 22.12.2020 (ഒ.എ.നം. 13/2020) തീയതികളിൽ നടത്തുന്നതായിരിക്കും. പ്രസ്തുത തെളിവെടുപ്പിൽ പങ്കെടുക്കുന്നതിന് താല്പര്യമുള്ള ഉപഭോക്താക്കളും പൊതുജനങ്ങളും 10.12.2020ന് മുൻപായി ഫോൺ നമ്പർ സഹിതം kserc@erckerala.org എന്ന ഇ-മെയിൽ മുഖാന്തിരം കമ്മീഷൻ സെക്രട്ടറിയെ അറിയിക്കേണ്ടതാണ്. വീഡിയോ കോൺഫറൻസിൽ പങ്കെടുക്കുന്നതിനാവശ്യമായ ലാപ്ടോപ്പ് / ഡെസ്ക്ടോപ്പ് / കമ്പ്യൂട്ടർ / സ്മാർട്ട് ഫോൺ / ടാബ്, ഇന്റർനെറ്റ് സൗകര്യം എന്നിവ പങ്കെടുക്കുവാൻ ഉദ്ദേശിക്കുന്നവർ കരുതേണ്ടതാണ്. വീഡിയോ കോൺഫറൻസിനുള്ള സമയക്രമവും ലിങ്കും ഇ-മെയിൽ മുഖാന്തിരം പൊതുതെളിവെടുപ്പിന് മുൻപായി അറിയിക്കുന്നതായിരിക്കും.

സെക്രട്ടറി